(ബി) ഇത്തരക്കാർക്ക് പുറത്ത് താമസിക്കാൻ വീടും ചെലവും നൽകണമെന്ന് സുപ്രീംകോടതി വിധി പ്രസ്താവിച്ചിട്ടുള്ളതായി അറിയാമോ ;

(സി) സുപ്രീംകോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നാടുകടത്തപ്പെട്ട ആർക്കെല്ലാം പോലീസ് ചെലവിന് കൊടുക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) ജാമ്യം നൽകുന്നതിനെ എതിർത്ത പോസീസ്, നാടുകടത്തപ്പെട്ടതിന് ശേഷം അങ്ങനെയുള്ളവർ താമസിക്കുന്നത് എവിടെയാണെന്നോ അവർ ജീവിക്കുന്നത് എങ്ങിനെയാണെന്നോ അന്വേഷിക്കാറുണ്ടോ ?

ഉത്തരം

(എ) 165 പേർ.

(ബി) ഇത്തരം വിധി പ്രസ്താവിച്ചതായി അറിവായിട്ടില്ല.

(സി) ബാധകമല്ല.

(ഡി) നാടുകടത്തപ്പെട്ടതിനുശേഷം അങ്ങനെയുള്ളവരുടെ പുതിയ മേൽവിലാസവും അവരുടെ പ്രവർത്തനവും ബന്ധപ്പെട്ട എസ്.എച്ച്.ഒ.-മാർ അന്വേഷിച്ച് വിവരം ശേഖരിച്ചുവരുന്നു.

ഐ.ജി. ടി.ജെ. ജോസിനെതിരെയുള്ള കോപ്പിയടി ആരോപണം

180 (184) ശ്രീ. എം. എ. ബേബി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) എം.ജി. സർവ്വകലാശാലയുടെ എൽ.എൽ.എം പരീക്ഷയിൽ കോപ്പിയടി നടത്തിയെന്ന് ആരോപണ വിധേയനായ ഐ.ജി. ടി. ജെ. ജോസ് നിലവിൽ സർവ്വീസിൽ ഉണ്ടോ ; ഇദ്ദേഹത്തിനെതിരെ സ്വീകരിച്ച ശിക്ഷണ നടപടികൾ വിശദമാക്കാമോ ;

(ബി) സംഭവം അന്വേഷിച്ച എ.ഡി.ജി.പി. ശങ്കർ റെഡ്ഡിയുടെ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി എന്താണ് ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) കോപ്പിയടിച്ചു എന്ന് പറയപ്പെടുന്ന ഐ.ജി. ടി. ജെ. ജോസിന്റെ വിദ്യാഭ്യാസ യോഗ്യതയെക്കുറിച്ചും, പി.എസ്.സി. സെലക്ഷൻ സംബന്ധിച്ചും അന്വേഷണം നടത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) എം.ജി. സർവ്വകലാശാല എൽ.എൽ.എം പരീക്ഷയിൽ കോപ്പിയടി നടത്തിയെന്ന് ആരോപണ വിധേയനായ ഐ.ജി. ടി.ജെ. ജോസിനെതിരെ നോർത്ത് സോൺ എ.ഡി.ജി.പി. പ്രാഥമിക അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ തൃശ്ശൂർ റേഞ്ച് ഐ.ജി.യുടെ ചുമതലയിൽനിന്നും മാറ്റുകയും ഈ വിഷയത്തിൽ വിശദമായ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എ.ഡി.ജി.പി.-യുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ക്രൈംബ്രാഞ്ച് അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

യു.എ.പി.എ, കാപ്പ നിയമങ്ങളുടെ ദുരുപയോഗം

181 (185) ശ്രീ. എളമരം കരീം :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. ബാബു എം. പാലിശ്ശേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) യു.എ.പി.എ., കാപ്പ തുടങ്ങിയ നിയമങ്ങൾ ഉപയോഗിച്ച് രാഷ്ട്രീയ പ്രതിയോഗികളെ കള്ളക്കേസെടുത്ത് ജയിലിലടയ്ക്കുകയും നാടുകടത്തുകയും ചെയ്യുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നിയമങ്ങളുടെ ഉദ്ദേശങ്ങൾക്ക് അനുസൃതമായി കൊടും ക്രിമിനലുകൾക്കെതിരെ ഉപയോഗിക്കാതിരിക്കുകയും രാഷ്ട്രീയ പാർട്ടി പ്രവർത്തകർക്കെതിരെ വിനിയോഗിക്കുകയും ചെയ്യുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് യു.എ.പി.എ., കാപ്പ തുടങ്ങിയ നിയമങ്ങളുടെ ദുർവിനിയോഗത്തെ തുടർന്ന് കോടതികൾക്ക് ഇടപെടേണ്ടിവന്നിട്ടുള്ളതായി അറിയാമോ ;

(ഡി) കാപ്പ നിയമപ്രകാരം പോലീസ് എടുത്ത എത്ര നടപടികൾ കോടതി പിന്നീട് റദ്ദ് ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly